പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2691 28-10-2026-ൽ മറുപടിയ്ക്ക്

തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. കെ. രാമചന്ദ്രൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടി 2016-ൽ ഭരണാനുമതി ലഭിച്ച കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ;

മറുപടി: തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടി KIIFB-യുടെ ധന സഹായത്തോടെയുള്ള ഈ പദ്ധതി 5 പാക്കേജുകളായി വിഭജിച്ചാണ് പ്രവൃത്തികൾ നടത്തുന്നത്.

പാക്കേജ് 1

കുറുവന്നൂർ നദിയിൽ നിർമ്മിക്കുന്ന 12 മീറ്റർ വ്യാസമുള്ള ഇൻടേക്ക് വെൽ, WTP-യിലേക്കുള്ള റോവാട്ടർ പമ്പിങ്മെയിൻ (RWPM), 530 HP VT റോ വാട്ടർ പമ്പ് സെറ്റ്, 1500 KVA ട്രാൻസ്ഫോർമർ എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്.

15.10.2025-ന് കരാർ നൽകിയ ഈ പ്രവൃത്തിയിൽ കിണർ നിർമാണം പുരോഗമിക്കുന്നു. റോ വാട്ടർ പമ്പിങ് മെയിനിനായി 2 കി.മീ. പൈപ്പ് വിതരണം ചെയ്തിട്ടുണ്ട്. ആകെ ഭൗതിക പുരോഗതി 24% ആണ്.

പാക്കേജ് 2 & 3

WTP മുതൽ കണിമംഗലം വഴി അരണാട്ടുകര വരെ 13.2 കി.മീ. ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ (CWGM) സ്ഥാപിക്കുന്ന പ്രവൃത്തിയിൽ പൈപ്പ് വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. MS പൈപ്പ് ലൈനിങ് പുരോഗമിക്കുന്നു. അനുമതി ലഭിക്കുന്ന മുറയ്ക്ക് റോഡ് കട്ടിങ് പെർമിഷൻ നേടി പൈപ്പ് സ്ഥാപിക്കൽ ആരംഭിക്കും.

പാക്കേജ് 4

തൃശ്ശൂർ താലൂക്കിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ പല്ലിശ്ശേരിക്കുന്നിൽ നിർമിക്കുന്ന 100 MLD ജല ശുദ്ധീകരണ ശാലയുടെ (WTP)-യ്ക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. KIIFB-യിൽ നിന്ന് TS കൺഫർമേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

പാക്കേജ് 5

ജലശുദ്ധീകരണശാലക്കു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതിനാൽ സ്ഥലം ലഭ്യമാണ്

(ബി) 19 ഗ്രാമപഞ്ചായത്തുകൾക്കും തൃശ്ശൂർ കോർപ്പറേഷനും കുടിവെള്ളം ലഭ്യമാക്കുന്ന, കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന പ്രസ്തുത കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ കാലതാമസം കൂടാതെ നടപ്പാക്കുന്നതിനായി ഒരു നോഡൽ ഓഫീസറെ നിയമിക്കുന്നതിനും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മറുപടി: KIIFB ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്ക് പ്രത്യേക നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടില്ല; അവയുടെ ഏകോപനം അതത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരാണ് നിർവഹിക്കുന്നത്. പദ്ധതികളുടെ പുരോഗതി നിശ്ചിത ഇടവേളകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും സർക്കിൾ, മേഖല, ഹെഡ് ഓഫീസ് തലങ്ങളിലും അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. കൂടാതെ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിങ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ എന്നിവർ പ്രവൃത്തി സ്ഥലങ്ങൾ പതിവായി സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

സെക്ഷൻ ഓഫീസർ